പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6076 09.07.2013-ൽ മറുപടിയ്ക്ക്

## 'പ്ലേ എ ഗെയിം' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) 'പ്ലേ എ ഗെയിം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; | (എ) പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമതയുള്ളവരാക്കുന്നതും സ്കൂളുകളെ ഒരു സ്പോർട്ടിംഗ് ഹബ്ബ് ആയി മാറ്റുന്നതും ലക്ഷ്യമിട്ടാണ് **'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ'** എന്ന പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കായികയുവജനകാര്യാലയമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;<br>(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഏതെല്ലാം തലങ്ങളിലാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) & (ഡി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ സംസ്ഥാനത്തെ 14 സ്കൂളുകളിൽ **'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ'** പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് സ്റ്റേറ്റ്ലെവൽ കമ്മറ്റിയുടെ ശുപാർശ പ്രകാരം തിരുവനന്തപുരം ജില്ലയിലെ താഴെപറയുന്ന സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>1. ഗവൺമെന്റ് മോഡൽ എൽ.പി.സ്കൂൾ ഗേൾസ്, പട്ടം.<br>2. ഗവൺമെന്റ് ടി ടി ഐ, മണക്കാട്<br>3. ഗവൺമെന്റ് യു പി സ്കൂൾ, കൊഞ്ചിറവിള<br>4. പൊന്നറ ശ്രീധരൻ മെമ്മോറിയൽ ഗവൺമെന്റ് യു പി സ്കൂൾ, മുട്ടത്തറ.<br>5. ഗവൺമെന്റ് യു പി സ്കൂൾ, കണിയാപുരം<br>6. ഗവൺമെന്റ് എൽ പി സ്കൂൾ, കന്യാകുളങ്ങര<br>7. ഗവൺമെന്റ് യു പി സ്കൂൾ, കരകുളം<br>8. ഗവൺമെന്റ് യു പി സ്കൂൾ, നേമം<br>9. ഗവൺമെന്റ് എൽ.പി സ്കൂൾ, പോത്തൻകോട് |

10. ഗവൺമെന്റ് എൽ പി സ്കൂൾ,
തോന്നയ്ക്കൽ
11. സെന്റ് ഫിലോമിനാസ് ഗേൾസ് ഹയർ
സെക്കന്ററി സ്കൂൾ, പൂന്തുറ.
12. സെന്റ് റോച്ചേസ് എൽ പി സ്കൂൾ,
ശംഖുമുഖം.
13. ഗവൺമെന്റ് മോഡൽ എൽ പി സ്കൂൾ,
തൈയ്ക്കാട്.
20. ഗവൺമെന്റ് യു പി സ്കൂൾ, നെടുങ്കാട്.

ടി സ്കൂളുകളിൽ ക്രിക്കറ്റ് ബാറ്റ്, ബാസ്ക്കറ്റ്ബോൾ, റോമൻ റിംഗ്, ഹോറിസോണ്ടൽ ബാർ, മാട്രസ്സ് തുടങ്ങിയ വിവിധ കായിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ